# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.T 517 | 24.10.2011 ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സംവിധാനം സംബന്ധിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ മന്ത്രി |
| (എ) സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സംവിധാനം സംബന്ധിച്ച 1997-ലെ സുപ്രീംകോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ ; | (എ) | 20.11.1997 ലെ WP(C)നം.13029/1985 എന്ന കേസിലെ വിധിന്യായത്തിൽ ബഹു. സുപ്രീം കോടതി ഡൽഹിയിലെ ട്രാൻസ്പോർട്ട് അതോറിറ്റിക്കു നൽകിയ ഉത്തരവിൽ ഹെവി, മീഡിയം എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലെല്ലാം സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതു കൂടാതെ ഡ്രൈവിംഗിൽ 10 വർഷത്തിൽ കുറയാതെ അനുഭവ പരിജ്ഞാനമുള്ളവരെയും രണ്ട് പ്രാവശ്യത്തിൽ കൂടുതൽ മൈനർ ട്രാഫിക് ഒഫൻസിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവരെയും അശ്രദ്ധമായ ഡ്രൈവിംഗിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവരെയും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഡ്രൈവറായി നിയമിക്കരുതെന്ന് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത വാഹനങ്ങളുടെ ഡ്രൈവർമാർ യൂണിഫോം ധരിച്ചിരിക്കണമെന്നും ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന വാഹനങ്ങളിൽ ആയത് വെളിവാക്കുന്ന തരത്തിലുള്ള അനുയോജ്യമായ ബോർഡുകൾ വാഹനത്തിൽ സ്ഥാപിച്ചിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>ഇതു കൂടാതെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ വരുത്തുവാൻ വിവിധ വകുപ്പിലെ അംഗങ്ങളെ ഉൾപ്പെടുത്തി സ്പെഷ്യൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് തലവനായുള്ള ഫ്ലയിംഗ് |

സ്ക്വാഡുകൾ രൂപീകരിക്കണമെന്നും ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, ഈ ഫ്ലയിംഗ് സ്ക്വാഡ് മോട്ടോർ വാഹന നിയമത്തിലെ 84, 207 വകുപ്പുകൾ പ്രകാരമുള്ള എല്ലാ അധികാരങ്ങളും വിനിയോഗിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഫ്ലയിംഗ് സ്ക്വാഡിന്റെ രൂപീകരിക്കണവുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് അല്ലെങ്കിൽ അതിനു മുകളിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിക്കുന്നതിനായി ഇതു സംബന്ധിച്ച വിജ്ഞാപനം സർക്കാർ 86(4)-ാം വകുപ്പ് പ്രകാരം പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മറ്റൊരു കേസിൽ സുപ്രീം കോടതി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

1. സ്കൂൾ വാഹനങ്ങൾ മഞ്ഞ നിറത്തിൽ പെയിന്റ് ചെയ്തിരിക്കണം.
2. സ്കൂൾ വാഹനത്തിനു മുന്നിലും പിന്നിലും "സ്കൂൾ ബസ്" എന്ന് എഴുതിയിരിക്കണം. വാടകയ്ക്ക് ഓടിക്കുന്ന വാഹനമാണെങ്കിൽ "On School Duty" എന്ന് ബോർഡ് വെച്ചിരിക്കണം.
3. ബസ്സിൽ First Aid Box ഉണ്ടായിരിക്കണം.
4. സ്പീഡ് ഗവേണർ ഉണ്ടായിരിക്കണം
5. വാഹനത്തിന്റെ വിൻഡോകളിൽ തിരശ്ചീന തലത്തിലുള്ള ഗ്രിൽ ഘടിപ്പിക്കണം.
6. ഫയർ എക്സ്റ്റിൻഗ്വിഷർ ഉണ്ടായിരിക്കണം
7. സ്കൂളിന്റെ പേരും ഫോൺ നമ്പറും വാഹനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്
8. വാഹനത്തിന്റെ വാതിലുകൾക്ക് ലോക്കിംഗ് സൗകര്യം ഉണ്ടായിരിക്കണം
9. സ്കൂൾ കുട്ടികളുടെ ബാഗുകൾ സൂക്ഷിക്കുന്നതിന് സ്ഥലം ഉണ്ടായിരിക്കണം
10. വാഹനമോടിക്കുന്ന ഡ്രൈവർക്ക് ഹെവി വാഹനങ്ങൾ ഓടിക്കുന്നതിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
11. രക്ഷിതാക്കളിലൊരാളോ അധ്യാപകരിലൊരാളോ സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കുന്നുണ്ടെന്നുറപ്പു വരുത്താൻ സ്കൂൾ ബസ്സിൽ യാത്രാ സമയത്തുണ്ടായിരിക്കണം

12. വാഹനമോടിക്കുന്ന ഡ്രൈവർ ഓവർസ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ അപകടകരമായി വാഹനമോടിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളായിരിക്കരുത്.
13. ഫിറ്റ്നസ് ഉള്ള വാഹനമായിരിക്കണം. എല്ലാ വർഷവും ഫിറ്റ്നസ് പരിശോധന നടത്തേണ്ടതും പെർമിറ്റ് പുതുക്കേണ്ടതുമാണ്
14. ഡ്രൈവർമാർക്ക് ട്രാഫിക് അച്ചടക്കം ഉണ്ടായിരിക്കണം.

(ബി) അതിന്റെയടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ; അതിപ്പോൾ പാലിക്കപ്പെടുന്നുണ്ടോ ;

(ബി) 23.12.2003 -ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം സ്കൂൾ ബസ്സിന് പെർമിറ്റ് നൽകുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(i) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ വാടകയ്ക്കെടുത്തതോ ആയ വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് വാഹനം ഓടിച്ചുള്ള 10 വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.

(ii) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് ഓടിക്കുന്ന വ്യക്തി അപകടകരമായ രീതിയിലും അശ്രദ്ധമായും വാഹനം ഓടിച്ചതിന്റെ പേരിലോ മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിലോ ശിക്ഷിക്കപ്പെട്ട വ്യക്തി ആകരുത്.

(iii) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിൽ മണിക്കൂറിൽ 40 കിലോമീറ്റർ സ്പീഡ് എന്ന കണക്കിന് സെറ്റ് ചെയ്ത സ്പീഡ് ഗവർണ്ണർ ഉണ്ടായിരിക്കണം.

(iv) കുട്ടികളെ സുരക്ഷിതമായി കയറ്റുന്നതിനും ഇറക്കുന്നതിനും വാഹനത്തിന്റെ ഓരോ കവാടത്തിലും പ്രഗത്ഭനായ ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം..

(V) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിൽ കയറുന്ന വിദ്യാർത്ഥികളുടെ എണ്ണം 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 221 ന് അനുസൃതമായിരിക്കണം.

(vi) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഓരോ കവാടത്തിനും വാതിൽപ്പാളികൾ ഉണ്ടായിരിക്കണം.

സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരമാവധി

ഉറപ്പുവരുത്താറുണ്ട്. 17.2.2011 ലെ പാർവ്വതി പുത്തനാർ സംഭവത്തെ തുടർന്ന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും എസ്.എച്ച്.ഒ. മാർക്കും സി.ഐ.മാർക്കും എസ്.ഡി.പി.ഒ. മാർക്കും സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് സീനിയർ ഓഫീസർമാർ പോലീസ് സ്റ്റേഷൻ സന്ദർശിക്കുമ്പോൾ പരിശോധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) മോട്ടോർ വെഹിക്കിൾ, വിദ്യാഭ്യാസ, ആഭ്യന്തര വകുപ്പുകളുടെ കോ-ഓർഡിനേഷനോട്ടു കൂടിയ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ നടക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ?

(സി) മോട്ടോർ വെഹിക്കിൾ - വിദ്യാഭ്യാസ-പോലീസ് വകുപ്പുകളുടെ കോ-ഓർഡിനേഷനോട്ടു കൂടിയ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നു.

01.10.2011 തീയതിയിൽ നടന്ന ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ കളക്ടർമാർ, പോലീസ് സൂപ്രണ്ടുമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, ഡിസ്ട്രിക്ട് ഓഫീസർമാർ എന്നിവർ പങ്കെടുത്ത വീഡിയോ കോൺഫറൻസിൽ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലെയും നോൺ എഡ്യൂക്കേഷണൽ ബസ്സുകളിലെയും വിദ്യാർത്ഥികളുടെ ഗതാഗതത്തെ സംബന്ധിച്ച് മിന്നൽ പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ